പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2827

20.06.2013 ൽ മറുപടിക്ക്

**ബി.പി.എൽ. കാർഡുടമകൾക്ക് ഒരു രൂപ നിരക്കിൽ അരിയും ഗോതമ്പും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്:<br>,, കെ. മുരളീധരൻ:<br>,, സണ്ണി ജോസഫ്:<br>,, ഡൊമിനിക് പ്രസന്റേഷൻ: | ശ്രീ. അനുപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ബി.പി.എൽ. കാർഡുടുമകൾക്ക് ഒരു രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ: | (എ) ഉണ്ട്. ബി.പി.എൽ. കാർഡുടുമകൾക്ക് പ്രതിമാസം 1/- രൂപ നിരക്കിൽ 25 കിലോ ഗ്രാം അരിയും 2/-രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും, സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ: | (സി) പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നാണ് ലഭ്യമാക്കുന്നത്. കൂടാതെ സപ്ലൈകോ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കിയും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) 2011 സെപ്തംബർ 1 മുതലാണ് എല്ലാ ബി.പി.എൽ. കാർഡുടുമകൾക്കും പ്രതിമാസം 1/- രൂപ നിരക്കിൽ 25 കിലോഗ്രാം അരി വിതരണം ചെയ്തു തുടങ്ങിയത്. 2009 മെയ് മാസം മുതൽ 2/- രൂപ നിരക്കിലുള്ള ഗോതമ്പ് വിതരണം ചെയ്തു തുടങ്ങിയിരുന്നു. പദ്ധതി യാതൊരു തടസ്സങ്ങളും കൂടാതെ ഇപ്പോഴും തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ